## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം.6349** **03.04.2018-ൽ മറുപടിയ്ക്ക്**

### ലക്കിടി കുഞ്ചൻ സ്മാരകത്തിന് സർക്കാർ സഹായം

**ചോദ്യം**

ശ്രീ.പി.ഉണ്ണി

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം (എ- അസംബ്ലി നിയോജകമണ്ഡലത്തിലെ യും, ഏക സാംസ്കാരിക സ്ഥാപനമായ ലക്കിടി ബി- കുഞ്ചൻ സ്മാരകത്തിനായി ഈ സർക്കാർ യും, അധികാരത്തിൽ വന്ന ശേഷം സി- നാളിതുവരെ എന്തെല്ലാം നടപടികൾ യും) സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വരെ പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ സ്മാരകത്തിന്റെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾക്കായി വർഷാവർഷം അനുവദിക്കുന്ന ആവർത്തന ഗ്രാന്റായ 4 ലക്ഷം രൂപയ്ക്ക് പുറമേ താഴെ പറയും പ്രകാരം 68,44,000/- രൂപയാണ് അനുവദിച്ചത്.

| 2016-17 സാമ്പത്തിക വർഷം | | | |
|---|---|---|---|
| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | അനുവദിച്ച തുക | ആവശ്യം |
| 1 | 10/01/2017 ലെ സ. ഉ. (സാ ധാ) നം. 8/2017/സാം. കാ.വ | 10 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി (03/01/2013-ലെ സ. ഉ. (സാധാ) ന ം.1/2013/സാം. കാ.വ പ്രകാരം അനുവദിച്ച 10 ലക്ഷത്തിന് പുറമേ) |
| 2 | 18/03/2017-ലെ സ.ഉ. (സാധാ) ന | 13.94 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ കെടാവിളക്ക് സംരക്ഷിക്കൽ, |

| | | | |
|---|---|---|---|
| | ം.174/2017/ സാം.കാ.വ | | കിണർ ആഴം കൂട്ടൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി |
| 3 | 9/03/2017-ലെ സ. ഉ. (സാധാ) നം. 251/2017/ സാം.കാ.വ | 25 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്കായി |
| | | | മൊത്തം = 48,94,000/- രൂപ |

2017-18 സാമ്പത്തിക വർഷം

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | അനുവദിച്ച തുക | ആവശ്യം |
|---|---|---|---|
| 1 | 17/11/2017-ലെ സ. ഉ. (സാധാ) നം. 667/2017/ സാം.കാ.വ | 5 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് തുള്ളൽ മഹോത്സവം 2017 നടത്താൻ അനാവർത്തന ഗ്രാന്റായി |
| 2 | 16/11/2017-ലെ സ. ഉ. (സാധാ) നം. 658/2017/ സാം.കാ.വ | 5 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി |
| 3 | 28/03/2018-ലെ സ. ഉ. (സാധാ) നം. 239/2018/ സാം.കാ.വ | 9.5 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നാട്യശാലയുടെ വികസന പ്രവർത്തികൾക്കും, സംരക്ഷണ ഭിത്തി ബലപ്പെടുത്തൽ, മറ്റ് അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസന പ്രവർത്തികൾക്കായി എന്നിവയ്ക്കായി |
| മൊത്തം = 19,50,000/-രൂപ | | | |

(ബി) ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നിത്യ നിദാന ചെലവുകൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാന്റ് ഇൻ എയ്ഡായി അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ;

(ഡി) നിത്യ നിദാന ചെലവുകൾക്ക് അനുവദിക്കുന്ന ഗ്രാന്റ് തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ഡി) പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ സ്മാരക അധികൃതരുടെ വിവിധ അപേക്ഷകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ടി സ്ഥാപനത്തിന്റെ ആവർത്തന ഗ്രാന്റ് അഞ്ചു ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ കലാ-സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി നിയമിച്ചിട്ടുള്ള മൂന്നംഗ ഉപസമിതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി സ്മാരകത്തിന്റെ ആവർത്തന ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ